"ഭരണഭാഷ-മാതൃഭാഷ-"

# സാമൂഹ്യനീതി ഡയറക്ടറുടെ നടപടിക്രമങ്ങൾ

(സാന്നിദ്ധ്യം: ശ്രീ.വി.എൻ.ജിതേന്ദ്രൻ, I.A.S)

തിരുവനന്തപുരം

**ഉത്തരവ് നം.: E11-6360/14** **തീയതി: 7-4-2014**

വിഷയം: സാ.നീതി വകുപ്പ്- ജീവനക്കാര്യം - ക്ഷേമ സ്ഥാപന സൂപ്രണ്ട് ഗ്രേഡ് II - ഒബ്സർവേഷൻ ഹോം, മലപ്പുറം - ചുമതലാക്രമീകരണം നടത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം: സാമൂഹ്യനീതി ഡയറക്ടറുടെ 31.3.2014ലെ മേൽ നമ്പർ നടപടിക്രമങ്ങൾ.

പരാമർശിത ഉത്തരവ് പ്രകാരം ശ്രീ.കെ.ജെ.രാജു, ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് II, ഒബ്സർവേഷൻ ഹോം, മലപ്പുറത്തിന് ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് I തസ്തികയിൽ താൽക്കാലിക സ്ഥാനക്കയറ്റം ലഭിക്കുകയും ഒബ്സർവേഷൻ ഹോം സൂപ്രണ്ടിന്റെ ചുമതലകൾ ശ്രീ.ഷെരീഫ് ഷൂജ, സീനിയർ സൂപ്രണ്ട്, പ്രോഗ്രാം ഓഫീസ്, മലപ്പുറത്തിന് നൽകുകയുമുണ്ടായി. എന്നാൽ യാത്രാപരമായ ബുദ്ധിമുട്ടുകൾ ഉള്ളതിനാൽ പ്രസ്തുത ചുമതലയിൽ നിന്നും ഒഴിവാക്കണമെന്ന് ശ്രീ.ഷെരീഫ് ഷൂജ, സീനിയർ സൂപ്രണ്ട്, പ്രോഗ്രാം ഓഫീസ് ആവശ്യപ്പെടുകയുണ്ടായി.

ഈ സാഹചര്യത്തിൽ മലപ്പുറം ഒബ്സർവേഷൻ ഹോം സൂപ്രണ്ട് ഗ്രേഡ് II-ന്റെ പൂർണ്ണ അധിക ചുമതല ശ്രീ.ഷെരീഫ് ഷൂജ, സീനിയർ സൂപ്രണ്ട്, പ്രോഗ്രാം ഓഫീസ് മലപ്പുറം-ൽ നിന്ന് ഒഴിവാക്കിയും ശ്രീ.പി.എച്ച്.അസ്ഗർഷാ, ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് I, പ്രതീക്ഷാഭവൻ, തവനൂർ, മലപ്പുറത്തിന് നൽകിക്കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശിത ഉത്തരവ് മേൽഭേദഗതികളോടെ നിലനിൽക്കുന്നതാണ്.

**(ഒപ്പ്)**

**സാമൂഹ്യനീതി ഡയറക്ടർ**

ശ്രീ.പി.എച്ച്.അസ്ഗർഷാ
സൂപ്രണ്ട് ഗ്രേഡ് I, പ്രതീക്ഷാഭവൻ, തവനൂർ.

ശ്രീ.ഷെരീഫ് ഷൂജ
സീനിയർ സൂപ്രണ്ട്, പ്രോഗ്രാം ഓഫീസ്, മലപ്പുറം.

പകർപ്പ്:

1. അക്കൗണ്ടന്റ് ജനറൽ, കേരള, തിരുവനന്തപുരം (with C/L)
2. മേഖലാ അസിസ്റ്റന്റ് ഡയറക്ടർ, കോഴിക്കോട്.
3. ജില്ലാ സാമൂഹ്യനീതി ഓഫീസർ, മലപ്പുറം.
4. സ്റ്റോക്ക് ഫയൽ/ സ്പെയർ.

**ഉത്തരവിൻപ്രകാരം**

സൂപ്രണ്ട്

db/14

3442406

GOVERNMENT OF KERALA